REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ മൂന്ന് ദിവസത്തെ സിംഗപ്പൂർ, ചൈന സന്ദർശനം ഇന്ന് ആരംഭിക്കും.**
- **പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5- ന്റെ ഫൈനൽ മത്സരം ഇന്ന് തിരുവനന്തപുരത്ത്.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 497 പേർ ഉള്ളതായി മന്ത്രി വീണാ ജോർജ്. സ്ഥിതി വിലയിരുത്താൻ കേന്ദ്രസംഘമെത്തി.**
- **2015 ൽ കേരള നിയമസഭ പാസ്സാക്കിയ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബിൽ നിയമമാക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി**
- **പ്രസിദ്ധമായ ആറന്മുള വള്ളസദ്യയ്ക്ക് ഇന്നു തുടക്കമാകും.**
- **ലോർഡ്സിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് ഒന്നാം ഇന്നിംഗ്സ് അവസാനിച്ചപ്പോൾ ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനും 387 റൺസെന്ന ഒരേ സ്കോർ.**

## വാർത്തകൾ വിശദമായി

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ മൂന്ന് ദിവസത്തെ സിംഗപ്പൂർ, ചൈന സന്ദർശനം ഇന്ന് ആരംഭിക്കും. സിംഗപ്പൂർ വിദേശകാര്യമന്ത്രിയും നേതാക്കളുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ

ചൈനയിലെ ടിയാൻജിനിൽ SCO വിദേശകാര്യമന്ത്രിമാരുടെ കൗൺസിൽ യോഗത്തിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5- ന്റെ ഫൈനൽ മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം മേനംകുളം ജ്യോതിസ് സെൻട്രൽ സ്കൂളിൽ മത്സരങ്ങൾ രാവിലെ 9 ന് കേന്ദ്രസഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും.

ഫൈനൽ മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനും, കേന്ദ്ര മന്ത്രിമാരുമായി സംവദിക്കുന്നതിനും അവസരമൊരുക്കും.

✪✪✪

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്ര ദർശനത്തിനുശേഷം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിലേക്ക് മടങ്ങി. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്നലെ രാത്രി ഏഴേ മുക്കാലോടെയാണ് അദ്ദേഹം ന്യൂഡൽഹിയിലേക്ക് മടങ്ങിയത്.

✪✪✪

ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ, ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല ഉൾപ്പെട്ട നാലംഗ സംഘം നാളെ ഭൂമിയിലേക്ക് യാത്ര തിരിക്കും. കാലാവസ്ഥ അനുകൂലമായെങ്കിൽ മാത്രമേ യാത്ര ആരംഭിക്കുകയുള്ളൂവെന്ന് നാസ വൃത്തങ്ങൾ അറിയിച്ചു.

ഇന്ത്യൻ സമയം നാളെ വൈകിട്ട് 4:35 ന് സ്റ്റേഷനിലെ ഹാർമണി മൊഡ്യൂളിന്റെ സ്പേസ്-ഫേസിംഗ് പോർട്ടിൽ നിന്ന് ശുഭാംശു ഉൾപ്പെടെ നാല് ബഹിരാകാശ സഞ്ചാരികളെയും വഹിച്ചുള്ള സ്പേസ് എക്സ് ഡ്രാഗൺ പേടകം വേർപെടും. കാലിഫോർണിയൻ തീരത്തായിരിക്കും ഇവരുടെ സ്പ്ലാഷ്ഡൗൺ എന്ന് നാസ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 497 പേർ ഉള്ളതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറത്ത് 203 ഉം, കോഴിക്കോട്ട് 114 ഉം, പാലക്കാട്ട് 178 ഉം, എറണാകുളത്ത് രണ്ടു പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 10 പേരാണ് ചികിത്സയിലുള്ളത്. ഒരാൾ ICU ചികിത്സയിലുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

മലപ്പുറം ജില്ലയിൽ ഇതുവരെ 62 സാമ്പിളുകൾ നെഗറ്റീവ് ആയിട്ടുണ്ട്. പാലക്കാട് 5 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. 5 പേരെ ഡിസ്ചാർജ് ചെയ്തു. സംസ്ഥാനത്ത് ആകെ 14 പേർ ഹൈയസ്റ്റ് റിസ്കിലും, 82 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്. കേന്ദ്ര സംഘം മലപ്പുറം, പാലക്കാട് ജില്ലകൾ സന്ദർശിച്ചു.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് സംഘം മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെത്തി. ഡോ. റീമ സഹായി, ഡോ. സാക്കിബ് അക്തർ, ഡോ. സുനിൽ കുമാർ, ഡോ. കാഞ്ചൻ എന്നിവരടങ്ങുന്ന സംഘമാണ് മഞ്ചേരിയിൽ എത്തിയത്. മൈക്രോബയോളജി വിഭാഗത്തിലെത്തി വൈറോളജി ലബോറട്ടറിയുടെ പ്രവർത്തനം സംഘം വിലയിരുത്തി.

നിപ ബാധിച്ച വളാഞ്ചേരി സ്വദേശിയുടെ ചികിത്സാ പുരോഗതി വിലയിരുത്തിയ സംഘം ചികിത്സാരേഖകൾ പരിശോധിച്ചു. ഐസൊലേഷൻ വാർഡിന്റേയും അനുബന്ധ സജ്ജീകരണങ്ങളുടെയും പ്രവർത്തനങ്ങളിൽ സംഘം തൃപ്തി രേഖപ്പെടുത്തി.

സാഹചര്യം വിലയിരുത്താൻ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഇന്നലെ ഉന്നതതല യോഗം ചേർന്നു.

✪✪✪

2015 ൽ കേരള നിയമസഭ പാസ്സാക്കിയ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബിൽ നിയമമാക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മലയാള ഭാഷാ ബിൽ സംരക്ഷണത്തിനായുള്ള സംസ്ഥാന കൺവെൻഷൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കോഴിക്കോട് നഗരത്തിലെ ഒരു വിഭാഗം ഓട്ടോ ഡ്രൈവർമാർ മോശമായി പെരുമാറുന്നതിനെ കുറിച്ച് യുവ സംവിധായിക ഗതാഗത മന്ത്രിക്ക് എഴുതിയ സമൂഹമാധ്യമ കുറിപ്പിന്റെ പശ്ചാത്തലത്തിൽ കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് ഉത്തരവിട്ടു.

സംസ്ഥാന ഗതാഗത കമ്മീഷണർ, സിറ്റി പോലീസ് കമ്മീഷണർ, RTO എന്നിവർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് രണ്ടാഴ്ചക്കകം കമ്മിഷനെ അറിയിക്കണം. യാത്രക്കാരോട് മോശമായി പെരുമാറുന്നവരെയും അനധികൃതമായി പണം ഈടാക്കുന്നവർക്കെതിരെയും കർശന നടപടിയെടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

✪✪✪

ദേശീയപാതയിൽ കാസർകോട് ചെർക്കള മുതൽ ചട്ടഞ്ചാൽ വഴി ഗതാഗതം പുനസ്ഥാപിച്ച് ജില്ലാ കളക്ടർ K ഇമ്പശേഖർ ഉത്തരവിട്ടു. ദേശീയപാത അതോറിറ്റി പ്രൊജക്റ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്. നിബന്ധനകൾക്ക് വിധേയമായാണ് ഗതാഗതം പുനസ്ഥാപിച്ചത്.

✪✪✪

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തൃശൂർ മുതൽ കാസർഗോഡ് വരെ ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

2024 ലെ ടെൻസിങ് നോർഗെ നാഷണൽ അഡ്വഞ്ചർ അവാർഡിന് കേന്ദ്ര യുവജനകാര്യ,കായിക മന്ത്രാലയം നോമിനേഷനുകൾ ക്ഷണിച്ചു. വർഷം തോറും അർജുന അവാർഡുകൾക്കൊപ്പം നൽകുന്ന അവാർഡ് കര, ജല, വ്യോമ മേഖലകളിലെ സാഹസികത, സാഹസിക പ്രവർത്ത നങ്ങൾക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് എന്നീ നാല് വിഭാഗങ്ങളിലെ മികവിനെ ആദരിക്കുന്നു. ഓരോ അവാർഡ് ജേതാവിനും വെങ്കല പ്രതിമ, സർട്ടിഫിക്കറ്റ്, 15 ലക്ഷം രൂപ ക്യാഷ് പ്രൈസ് എന്നിവ ലഭിക്കും.

അവാർഡുകൾക്കുള്ള നോമിനേഷനുകൾ ഈ മാസം 15 വരെ പോർട്ടൽ വഴി ഓൺലൈനായി സ്വീകരിക്കും.

✪✪✪

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ വള്ള സദ്യയ്ക്ക് ഇന്നു തുടക്കം. രാവിലെ 11-ന് മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് മന്ത്രി വീണ ജോർജ്, ആന്റോ ആന്റണി MP, പ്രമോദ് നാരായണൻ MLA, അവിട്ടം തിരുനാൾ ആദിത്യ വർമ്മ എന്നിവർ ഇലയിൽ വിഭവങ്ങൾ വിളമ്പും.

പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ KSRTCബജറ്റ് ടൂറിസം സെല്ലിന്റെ പഞ്ചപാണ്ഡവ ക്ഷേത്രദർശന യാത്രയുടെ ഭാഗമായി നടത്തുന്ന വള്ളസദ്യയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. ഒക്ടോബർ രണ്ടു വരെ 80 ദിവസമാണ് ഇത്തവണ വള്ള സദ്യക്കാലം. ഏഴു പള്ളിയോടങ്ങളാണ് ഇന്ന് വള്ളസദ്യയിൽ പങ്കെടുക്കുന്നത്.

✪✪✪

തുരീയം സംഗീതോത്സവം കണ്ണൂരിൽ ഇന്ന് സമാപിക്കും. 111 ദിവസത്തെ സംഗീതോത്സവത്തിന്റെ സമാപന സമ്മേളനം ഗോവ ഗവർണർ P S ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് ഒന്നാം ഇന്നിംഗ്സ് അവസാനിച്ചപ്പോൾ ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനും 387 റൺസെന്ന ഒരേ സ്കോർ.

മൂന്നാം ദിനം ഇന്നലെ കളി നിർത്തുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് വിക്കറ്റ് നഷ്ടമില്ലാതെ രണ്ട് റൺസ് എന്ന നിലയിലാണ്.

നാലാം ദിവസമായ ഇന്ന് ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. അഞ്ച് മത്സര പരമ്പര 1-1 സമനിലയിലാണ്.

✪✪✪

ലണ്ടനിൽ വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്. കിരീട പോരാട്ടത്തിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ യാനിക് സിന്നർ, ലോക രണ്ടാം നമ്പർ താരം സ്പെയിനിന്റെ കാർലോസ് അൽകാരസിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടരയ്ക്കാണ് മത്സരം.

✪✪✪

മാഡ്രിഡിൽ ആർച്ചറി വേൾഡ് കപ്പ് 2025 സ്റ്റേജ് 4 ൽ ഇന്നലെ ഇന്ത്യയ്ക്ക് മൂന്ന് മെഡലുകൾ. രണ്ടു വെള്ളിയും ഒരു വെങ്കലവുമാണ് ഇന്ത്യ സ്വന്തമാക്കിയത്. കോമ്പൗണ്ട് ഇനങ്ങളിലെ മെഡൽ നേട്ടത്തിൽ ഏഷ്യൻ ഗെയിംസ് ചാമ്പ്യൻ ജ്യോതി സുരേഖ വെന്നം പ്രധാന പങ്കുവഹിച്ചു. ഒക്ടോബറിൽ ചൈനയിലെ നാൻജിംഗിൽ നടക്കുന്ന ലോകകപ്പ് ഫൈനലോടെ അമ്പെയ്ത്ത് വേൾഡ് കപ്പ് സീസൺ അവസാനിക്കും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയത്തിൽ അടുത്ത മാസം 16 മുതൽ 19 വരെ നടക്കുന്ന സംസ്ഥാന അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ ലോഗോ മേയർ ഡോ: ബീന ഫിലിപ്പ് പ്രകാശനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സജിത് കുമാർ ലോഗോ ഏറ്റുവാങ്ങി.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും DTPC യും ചേർന്ന് സംഘടിപ്പിക്കുന്ന 11-ാം മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി കോഴിക്കോട് കോടഞ്ചേരി പഞ്ചായത്തിലെ തേവർ മലയിലേക്ക് ഓഫ്റോഡ് ഫൺഡ്രൈവ് സംഘടിപ്പിച്ചു. മുപ്പതിലധികം വാഹനങ്ങൾ പങ്കെടുത്തു. കോടഞ്ചേരി പഞ്ചായത്തും, KL 11 ഓഫ്റോഡേഴ്സും, മൗണ്ട് ഡി കോടഞ്ചേരിയും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

കൊല്ലത്ത് എക്സൈസ് നടത്തിയ പരിശോധനയിൽ 14.172 ഗ്രാം മെത്താംഫിറ്റമിൻ മയക്കുമരുന്നുമായി രണ്ട് യുവാക്കൾ അറസ്റ്റിൽ. തൃക്കരുവ സ്വദേശി നൗഫൽ ,

അഞ്ചാലുമ്മൂട് സ്വദേശി അഖിൽജിത്ത് എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്നും 21,000 രൂപയും, കാറും, മൊബൈൽ ഫോണുകളും കണ്ടെടുത്തു.

✪✪✪

ഇടുക്കി വാഗമൺ വഴിക്കടവിലെ ചാർജിങ് സ്റ്റേഷനിൽ ചാർജ് ചെയ്യാനെത്തിയ കാറിടിച്ച് നാലു വയസ്സുകാരൻ മരിച്ചു. തിരുവനന്തപുരം നേമത്തെ അയാൻസ്നാഥ് ആണ് മരിച്ചത്. ഇന്നലെ മൂന്ന് മണിയോടെയായിരുന്നു അപകടം.

കുട്ടിയുടെ അമ്മ ആര്യ മോഹൻ പരിക്കുകളോടെ ചേർപ്പുങ്കലിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ കായകൽപ്പ് അവാർഡിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനം സ്വന്തമാക്കി കോഴിക്കോട് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. ബ്ലോക്കിന് കീഴിലെ തലക്കുളത്തൂർ സാമൂഹികാരോഗ്യകേന്ദ്രത്തിന് ഒന്നാം സ്ഥാനവും നരിക്കുനി സാമൂഹികാരോഗ്യകേന്ദ്രത്തിന് രണ്ടാം സ്ഥാനവുമാണ് ലഭിച്ചത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിഷിത കുമാരി*
*NRTs: അബ്ദുൽ കബീർ*
*DEO: ഷീബ*